**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയ ശ്രീ. ഡി. പ്രവീൺ കുമാർ - അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലെ നിരീക്ഷണ കാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ) നം.2893/2018/ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം13/11/2018**

---

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ 28.05.2018 ലെ എ 3/8167/2018 നമ്പർ കത്ത്.

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ)യുടെ 17.09.2018 ലെ ജി.ഇ 11/എ/റ്റിപിപി-16/1328 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നഗരഗ്രാമാസൂത്രണ വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ 14.06.2017 പൂർവ്വാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ഡി. പ്രവീൺ കുമാർ ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം 13.12.2017 അപരാഹ്നത്തിൽ പൂർത്തിയായിട്ടുള്ളതായും ടിയാന്റെ നിരീക്ഷണ കാലയളവിലെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാനെതിരെ വിജിലൻസ് കേസുകളോ അച്ചടക്ക നടപടിയോ ഇല്ലായെന്നും ടിയാന്റെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

ടിയാൻ നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും എടുത്തിയിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. ഡി. പ്രവീൺ കുമാർ എന്ന ജീവനക്കാരന്റെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലെ നിരീക്ഷണ കാലം, കെ. എസ്. & എസ്. എസ്. ആർ ചട്ടം 20 ( ബി ) പ്രകാരം 14.12.2017 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.**
**എസ്. മോഹൻദാസ്**
**അഡിഷണൽ സെക്രട്ടറി**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീ. ഡി. പ്രവീൺ കുമാർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
നഗരഗ്രാമാസൂത്രണ വകുപ്പ്. (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ